**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **28-01-2026 - ൽ മറുപടിയ്ക്ക്**

**കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും ആയത് ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും വ്യക്തമാക്കാമോ; | (എ) | കാസർകോട് മൈലാട്ടി വിദ്യാനഗർ ലൈൻ ശക്തിപ്പെടുത്തുന്ന പ്രവൃത്തി തുടങ്ങിയത് 10.06.2019 തീയ്യതിയിലാണ്. ടി പ്രവൃത്തി 06.11.2025-ന് ബോർഡ് ഷോർട്ട് ക്ലോസ് ചെയ്യുകയും അവശേഷിക്കുന്ന വർക്കുകൾക്ക് 13.01.2026 തീയ്യതിയിൽ കെ.എസ്.ഇ.ബി വർക്ക് ഓർഡർ നൽകുകയും, ജോലികൾ സൈറ്റിൽ പുരോഗമിക്കുകയുമാണ്. നിലവിൽ 30% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; | (ബി) | പദ്ധതി പൂർത്തിയാക്കാൻ ശേഷിക്കുന്ന വർക്കുകൾ അടക്കം ആകെ വേണ്ടത് 35.29 കോടി രൂപയാണ്. ഇതുവരെ 8.37 കോടി രൂപ പ്രോജക്ടിനായി ചിലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ഇ.ബി-യുടെ തനതു ഫണ്ടിൽ നിന്നാണ് പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയു മെന്ന് വ്യക്തമാക്കാമോ? | (ഡി) | ജൂലൈ 2026- ഓട് കൂടി പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ